(സി) "തായ്‌ലന്റ്"-ൽ നിന്നുള്ള മത്സ്യ ഇറക്കുമതി സംസ്ഥാനത്തെ ഏത് വിധത്തിൽ ബാധിക്കുമെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

മത്സ്യബന്ധനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു. കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ ഈ വിഷയം കൊണ്ടുവന്നിട്ടുണ്ട്.

(സി) പരിശോധിച്ചു വരുന്നു. കൂടാതെ MPEDA ഇതിനെക്കുറിച്ച് ഒരു പഠനം നടത്തുവാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്.

സ്പിരിറ്റു കേസ്സിൽപ്പെടുന്ന വാഹനങ്ങൾ

*23 [53] ശ്രീ. ജോസഫ് എം. പുതുശ്ശേരി:
" തോമസ് ഉണ്ണിയാടൻ:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പിരിറ്റ് കടത്തു കേസുമായി ബന്ധപ്പെട്ട് സംസ്ഥാനത്തൊട്ടാകെ പിടിച്ചെടുക്കപ്പെട്ടിട്ടുള്ള വാഹനങ്ങൾ അനാഥമായി നശിച്ചുപോകുന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പിടിച്ചെടുക്കപ്പെടുന്ന വാഹനങ്ങൾ ഒരു വ്യവസ്ഥാപിത മാർഗ്ഗത്തിലൂടെ സമയബന്ധിതമായി റണ്ണിംഗ് കണ്ടീഷൻ നഷ്ടപ്പെടും മുമ്പു തന്നെ ലേലം ചെയ്ത് ഖജനാവിന് മുതൽക്കൂട്ടുവാൻ വേണ്ട നിയമ നടപടികൾ സ്വീകരിക്കുമോ;

(സി) നിലവിൽ കസ്റ്റഡിയിൽ ജീർണ്ണിച്ചു നശിക്കുന്ന വാഹനങ്ങളുടെ മൂല്യം എത്രയെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) ഉണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്.

(സി) ഇല്ല. പിടിക്കപ്പെടുന്ന വാഹനങ്ങൾ എല്ലാം തന്നെ സർക്കാരിലേക്ക് കണ്ടുകെട്ടപ്പെടണമെന്നില്ല. അക്കാരണങ്ങൾ കൊണ്ടു തന്നെ വാഹനങ്ങളുടെ കണ്ടുകെട്ടൽ നടപടികൾ പൂർത്തിയാക്കിയശേഷം പരസ്യ വില്പന നടത്തുന്നതിന് തൊട്ടു മുൻപോ അല്ലെങ്കിൽ പിടിക്കപ്പെടുന്ന വാഹനങ്ങൾ താല്ക്കാലികമായി വിട്ടുകൊടുക്കുന്നതിനു മുൻപോ മാത്രമാണ് വാഹനങ്ങളുടെ കമ്പോളവില നിർണ്ണയിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly